**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6671** **11-11-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര ഗതാഗത പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | അനധികൃത പാർക്കിംഗ് കാരണം 2019-ൽ തലസ്ഥാനത്ത് 39 അപകടങ്ങൾ ഉണ്ടായതായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിനു കീഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പൊതുനിരത്തുകളിലെ അനധികൃത പാർക്കിംഗിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതു നിരത്തുകളിൽ കാൽനട യാത്രികർക്കായി ഒരുക്കിയിട്ടുള്ള ഫുഡ്പാത്ത്, സീബ്ര ക്രോസിംഗ് തുടങ്ങിയവ കയ്യേറി അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. WP(C)No.11886/2021 നമ്പർ കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ 08/06/2021 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാൽനട യാത്രികരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുനിരത്തുകളിൽ കാൽനടയാത്രികർക്ക് തടസ്സം സൃഷ്ടിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 'ഓപ്പറേഷൻ ക്ലിയർ പാത്ത് ' എന്ന പേരിൽ വകുപ്പ് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പ്രസ്തുത ഡ്രൈവിൽ കാൽനട യാത്രികർക്ക് തടസ്സമാകുന്ന തരത്തിൽ ഫുട്പാത്തിലെ അനധികൃത കയ്യേറ്റം (കച്ചവടം), റോഡരുകിൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ള വാഹനം, റോഡരുകിൽ കൂട്ടിയിട്ടിരിക്കുന്ന മരത്തടികൾ പോലുള്ള വസ്തുക്കൾ, ഫുഡ്പാത്തിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് / പരസ്യ ബോർഡുകൾ, റോഡരുകിൽ കൂട്ടിയിട്ടിട്ടുള്ള മെറ്റൽ, സിമന്റ് വേസ്റ്റുകൾ തുടങ്ങിയവയൊക്കെ നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തൊട്ടാകെ കാൽനടയാത്രക്കാരുടെയും മറ്റ് റോഡ് ഉപഭോക്താക്കളുടെയും സുരക്ഷയ്ക്കും സുഗമ ഗതാഗതത്തിനും ഹാനികരമാകുന്ന രീതിയിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനെതിരെ 2021 ജനുവരി മുതൽ ജൂൺ വരെ 9327 കേസുകൾ രജിസ്റ്റർ ചെയ്യുകയും 20,43,250/- രൂപ പിഴയായി |

| | | | |
|---|---|---|---|
| | | | ഈടാക്കുകയും ചെയ്തിട്ടുണ്ട്. റോഡു സുരക്ഷാ ബോധവൽക്കരണ പരിപാടികൾ മുഖേന അനധികൃത പാർക്കിംഗുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ട്. ഇത്തരത്തിലുള്ള പരാതി ലഭ്യമായാലുടൻ തന്നെ കർശന നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും സുരക്ഷ നിലനിർത്തുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാനത്ത് സമഗ്ര ഗതാഗത പരിഷ്കരണം ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | 2011-ലെ കേരള പോലീസ് ആക്ടിന്റെ 72-ാം വകുപ്പ പ്രകാരം രൂപീകരിച്ചിട്ടുള്ള ട്രാഫിക് അഡ്വൈസറി കമ്മിറ്റി, അതാത് പ്രദേശത്തെ പോലീസ്, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്നാണ് ഓരോ പ്രദേശങ്ങളിലും ഗതാഗത പരിഷ്കരണം നടപ്പാക്കുന്നത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ റോഡുകൾ സുരക്ഷതമാക്കുന്നതിനും സമഗ്രമായ ഗതാഗത പരിഷ്കരണം നടത്തുന്നതിനും ഒരു സമഗ്ര മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ കേരള സുരക്ഷാ അതോറിറ്റി തീരുമാനമെടുക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ